
# 'ഖിയാമം' നാളിലേക്കുള്ള മണൽ വീടുകൾ

**സി. രാജഗോപാലൻ പള്ളിപ്പുറം**

പ്ലാച്ചിമടയിലെ കൊക്കൊകോളക്കെതിരെ കൊക്കരക്കോ കൂകുന്ന സാഹിത്യ-സാംസ്കാരിക നായകർ കേരള പ്രകൃതിയെ മുച്ചൂടും മുടിക്കുന്ന മണൽ കൊള്ളക്കെതിരെ എന്തുകൊണ്ടു പ്രതികരിക്കുന്നില്ല എന്ന കഥാകൃത്ത് സക്കറിയ അടുത്തകാലത്ത് ചോദിച്ചത് പത്രങ്ങളിൽ കാണുകയുണ്ടായി. ചോദിക്കുന്നത് സക്കറിയയാണ് എന്നതുകൊണ്ടുമാത്രം അവഗണിക്കാവുന്ന ഒരു പ്രശ്നമല്ല ഇത്. കൊക്കോകോള പ്രവർത്തനം നിർത്തിയാൽ പ്ലാച്ചിമടയിലെ ഭൂഗർഭജല വിതാനം വീണ്ടും ഉയർന്നേക്കാം. മലിനീകരണം ഇല്ലാതായേക്കാം. എന്നാൽ ഒരായിരം പ്ലാച്ചിമടകളേക്കാളും ഭീകരമായ പ്രകൃതി ധ്വംസനമാണ് കേരളത്തിലെ ഓരോ നദീതടത്തിലും ഇന്ന് രൂക്ഷമായ മണൽ കൊള്ളയുടെ രൂപത്തിൽ നടന്നു കൊണ്ടിരിക്കുന്നത്. നദിയെയോ നദീതടത്തെയോ ഒരിക്കലും പൂർവ്വസ്ഥിതിയിലേക്കു മടക്കിക്കൊണ്ടുവരാൻ കഴിയാത്തവിധം അപരിഹാര്യമായ ദുരന്തം.



ലോകത്തിൽ മറ്റെങ്ങുമുള്ളതുപോലെത്തന്നെ കേരളത്തിലും ഓരോ പുഴയും അതിന്റേതായ ജനപദത്തേയും സംസ്കാരത്തേയും പെറ്റുവളർത്തിയിട്ടുണ്ട്. നദിയുടെ ഒഴുക്ക് ആയിരക്കണക്കിനു വർഷങ്ങളായി കണ്ണിമുറിയാത്ത തലമുറകളുടെ ജീവിതത്തിന്റെ ഒഴുക്കു തന്നെയാണ്. പുഴയൊഴുക്കു നിലച്ചാൽ അതുണ്ടാക്കിയ ജീവചക്രത്തിന്റെ ചലനവും നിലക്കും എന്നത് വളരെലളിതമായ ഒരു സത്യമാണ്.

2004 ലെ വരൾച്ചയിൽ ഉണക്കപ്പുൽക്കാടുകൾക്കു തീപ്പിടിച്ചു കത്തുന്ന നിളയുടെ തടത്തെ ഷൊർണ്ണൂരിൽ നിന്നും വാളയാറിൽ നിന്നും ജലക്ഷാമവും അത്യുഷ്ണവും മൂലം കുറെ കുടുംബങ്ങൾ കുടിയൊഴിഞ്ഞു പോയി!

ഈ നദികൾ ഉത്ഭവിച്ച ആദിമ കാലം മുതൽ ഇവയുടെ തീരങ്ങളിൽ വന്നു കുടിപാർത്ത മനുഷ്യരിലാരും തന്നെ വെള്ളത്തിന്റെ കുറവുകൊണ്ട് ഈ തീരങ്ങളിൽ നിന്നു പലായനം ചെയ്തതായി ചരിത്രമില്ല. വെള്ളപ്പൊക്കം മൂലമുള്ള കുടിയൊഴിഞ്ഞുപോക്കോ ഈ തീരജനതക്ക് ശീലമുണ്ടായിരുന്നുള്ളൂ. വരൾച്ച മൂലമുള്ള കുടിയൊഴിക്കൽ നദികളുടെയും നദീതട ജനപദത്തിന്റെയും അന്ത്യത്തിനു ദൃഷ്ടാന്തമാണ്. ഒരു നദീതട സംസ്കൃതി അഭിമുഖീകരിക്കേണ്ടി വരുന്ന ഏറ്റവും വലിയ ദുരന്തം അതിനെ പെറ്റു വളർത്തിയ നദിയുടെ തന്നെ മരണമാണ്. എന്നാൽ നദികളുടെ മരണം സ്വാഭാവികമല്ല. ആർത്തി മുഴുത്ത മനുഷ്യർ അവയെ ചൂഷണം ചെയ്തു കൊല്ലുകയാണ്. മനുഷ്യ ചരിത്രത്തിലെ ഏറ്റവും ബീഭത്സമായ മാതൃഹത്യയാണത്.

ദൈവത്തിന്റെ സ്വന്തം നാട്ടിലെ സമ്പൂർണ്ണ സാക്ഷര പ്രബുദ്ധരുടെയും അവരുടെ എണ്ണപ്പെരുപ്പമുള്ള സാംസ്കാരിക നായകന്മാരുടെയും കൺമുന്നിൽ നമ്മുടെതായ നദികൾ ആർത്തിയുടെ പല്ലും നഖവുമേറ്റ് മാനഭംഗപ്പെട്ട് മരണമടയുമ്പോൾ സക്കറിയയെപ്പോലെ, ചോദിക്കുന്നവരൊക്കെയും പ്രതികളാകുമെന്നിരിക്കിലും ഈ ചോദ്യം ഉത്തരമാവശ്യപ്പെട്ട് എഴുന്നു നിൽക്കുക തന്നെയാണ്.

നദിയുടെ സൗന്ദര്യത്തെക്കുറിച്ച് ഭാവഗീതം രചിച്ചും നാശത്തെക്കുറിച്ച് വിലാപകാവ്യമെഴുതിയും റോയൽറ്റിപ്പണം കൈപ്പറ്റി അതുകൊണ്ട് സ്വന്തം കണ്ണീർ തുടച്ച് സമാധാനിക്കുന്ന സാഹിത്യ-സാംസ്കാരിക പൊയ്മുഖങ്ങൾ മുതൽ ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിനായി പാചകം ചെയ്ത് ജനകീയമായി വിതരണം ചെയ്യുന്ന സന്നദ്ധ സംഘടനകൾ വരെ

**കൊടും വരൾച്ചയിൽ, ജലക്ഷാമത്തിൽ, മണൽകൊള്ളയെക്കുറിച്ചും മണൽക്രിമിനൽ ലോബിയെക്കുറിച്ചും മലയാളി രൂക്ഷമാകുന്നു. എന്നാൽ യഥാർത്ഥ ക്രിമിനൽ ലോബി നമ്മൾ തന്നെയല്ലേ?**

യുള്ള ഈ കൊച്ചു കേരളത്തിൽ നിളയും പേരാറുമടങ്ങുന്ന ജലവാഹിനികൾ മണൽ ഖനികളും മരുനിലങ്ങളുമായി പാഴടയുന്നതിനെതിരെ എന്തേ ശക്തമായ ഒരു ബഹുജന പ്രക്ഷോഭം ഇതുവരെയും ഉയർന്നുവന്നില്ല? സാംസ്കാരിക നായകരുടെ ഒരു സംഘവും പ്രമേയം പാസാക്കുന്നില്ല? ഒരുവിധ 'പ്രകടന' ജാഥകളും രൂപം കൊണ്ടില്ല? ഉത്തരം ലളിതം. മിക്കവർക്കുമുണ്ട് പുറത്തു പറയാൻ പറ്റാത്തതായിട്ടുള്ള, അല്ലെങ്കിൽ ഒളിച്ചുവെക്കേണ്ടതായിട്ടുള്ള ഭൗതികനേട്ടങ്ങളുടെ ഒരു 'മണൽ' നിക്ഷേപം. സ്വന്തം കാൽച്ചുവട്ടിൽ ഒന്നുകിലത് നാലാളു കണ്ടാൽ മോശം പറയാത്ത ഒരു കോൺക്രീറ്റു മാളികയുടെ രൂപത്തിലാവാം. അല്ലെങ്കിൽ പണിയാനിരിക്കുന്ന ഒന്നിനുള്ള കരുതൽ നിക്ഷേപമാവാം. അതുമല്ലെങ്കിൽ അധികാര രാഷ്ട്രീയ കേന്ദ്രങ്ങളെയും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളെയും പിണക്കാതെ അക്കാദമിക്കസേരകളിലേക്കും അവാർഡുകളിലേക്കും കയറിച്ചെല്ലാനുള്ള പടികൾ കെട്ടിയുറപ്പിക്കാനുള്ളതുമാവാം. ഏതു നിലക്കായാലും സ്വന്തം ജീവിതം പണിയാനുള്ള ഒരു പിടിമണൽ ഉള്ളത് ചവിട്ടിപ്പിടിക്കാതെ കാൽച്ചുവട്ടിൽനിന്ന് ഒഴുക്കിക്കളയാൻമാത്രം വിഡ്ഢികളായി ഈ പ്രബുദ്ധ കേരളത്തിൽ അഗണ്യ കോടികളിൽപ്പെട്ട ചിലരൊഴികെ മറ്റാരുമില്ല എന്നതിന്റെ തെളിവാകുന്നു കേരളത്തിലെ നദികളുടെ മണൽ മൂല്യമരണങ്ങൾ.

മണലിനെന്താണു ബദൽ? പാറപ്പൊടിയോ? എന്നതിനപ്പുറം നമ്മുടെ വികസന സമീപനത്തെയും, ജീവിതവീക്ഷണത്തെയും, ക്ഷേമസങ്കൽപ്പത്തെയും സർഗ്ഗാത്മകമായി വിശകലനം ചെയ്യുകയും വിചാരണ വിധേയമാക്കുകയും ചെയ്യുന്ന തലത്തിലേക്ക്, വിഭവചൂഷണവുമായി ബന്ധപ്പെട്ട സമസ്യകൾ ഒരിക്കലും വളരാത്തതെന്താണ്? ധൂർത്തിലും പ്രകൃതിവിഭവങ്ങളുടെ അമിതചൂഷണത്തിലും അധിഷ്ഠിതമായ വികസനത്തിന്റെ പടിഞ്ഞാറൻ വാർപ്പ് മാതൃകകളോട് നമുക്കുള്ള അന്ധവിശ്വാസം തന്നെയല്ലേ കാരണം. വിദ്യാഭ്യാസം കൂടുംതോറും ഈ അന്ധവിശ്വാസം കൂടുകയാണ് ചെയ്യുന്നത്. കാരണം പടിഞ്ഞാറിന്റെ അച്ചിലും അളവിലുമാണല്ലോ നമ്മളത് പാകം ചെയ്യുന്നത്. "Exploitation" അഥവാ ചൂഷണം എന്ന വാക്കാണ് പടിഞ്ഞാറൻ ധനതത്വശാസ്ത്രത്തിന്റെ മൂലക്കല്ല്. ഈ മൂലക്കല്ലിൽ ഉറപ്പിച്ച വിദ്യയും വികസനവും മറിച്ചാക്കണമെങ്കിൽ ഈ അടിക്കല്ലുകൾ മാന്തുക തന്നെവേണ്ടിവരും. അതിന് അസാമാന്യ ധൈര്യവും ആത്മബലവും വേണം.

**ആ ബലമുള്ളവർക്ക് മാത്രമേ മണലിന് ബദൽ അന്വേഷിക്കുന്നവരോട് ആർത്തിക്ക് എന്താണ് ബദൽ എന്ന് ചോദിക്കാനുള്ള തന്റേടമുണ്ടാവൂ. ഇത്രയധികം കെട്ടിടങ്ങൾ, ഇത്രവലിയ ഇങ്ങനെയുള്ള കോംപ്ലക്സുകൾ നമുക്കെന്തിനാണെന്ന് ചോദിക്കാൻ ധൈര്യമുണ്ടാവൂ. ഗ്രാമീണതയിലും പരമ്പരാഗതമായ ഗോത്രസ്വഭാവത്തിലും അടിയുറച്ചു ജീവിച്ചിരുന്ന മലയാളി ഗ്രാമീണതയും സ്വന്തം മണ്ണിന്റെ നീതിനിയമ വിശ്വാസ സംഹിതകളും പുരോഗതിയ്ക്കെതിരാണെന്ന് ധരിച്ച് അല്ലെങ്കിൽ തെറ്റിദ്ധരിക്കപ്പെട്ട് കമ്പോള സംസ്കാരത്തെ മതവും വിശ്വാസവും ആചാരവുമാക്കി മാറ്റിയതിന്റെ ഫലമാണ് ഇന്ന് നമ്മുടെ കൺമുന്നിലുള്ള കേരളം.**



**നോക്കിയിരിക്കെ കാടുകൾ വെട്ടിമൂടിക്കുന്ന, മലകൾ ഇടിച്ച് നിരത്തുന്ന, പുഴകൾ മാന്തി വില്ക്കപ്പെടുന്ന, കൃഷിനിലങ്ങൾ ചുട്ടും തൂർത്തും ഇല്ലാതാക്കികൊണ്ടിരിക്കുന്ന, തെക്ക് നിന്ന് വടക്ക് വരെ ഉടനീളം ഒരു സൂപ്പർ ഹൈവേ ആക്കാൻ ശ്രമിക്കുന്ന വികസനത്തിന്റെ ഹിസ്റ്റീരിയ ബാധിച്ച കേരളം!**

കാടിന്റെയും പുഴകളുടെയും നാശവും മണൽവാരലും 'മാഫിയ' എന്ന ഒറ്റവാക്കിലൊതുക്കി പ്രബുദ്ധ മലയാളിക്ക് ഇനിയുമധികകാലം സ്വന്തം തല മണലിൽ പൂഴ്ത്തിയിരിക്കാനാവില്ല. ധൂർത്തമായ രീതിയിൽ, പ്രകൃതിവിരുദ്ധമായി കെട്ടിടം പണിയുന്നവനാണ് അതിനകത്ത് ജീവിക്കുന്നവനാണ് ഏറ്റവും വലിയ പരിസ്ഥിതി വിധ്വംസകൻ എന്ന തിരിച്ചറിവിലേക്ക് ഒരു നാൾ എല്ലാവർക്കും കണ്ണുതുറക്കുക തന്നെ വേണ്ടിവരും.

പഞ്ചായത്തിന്റെ ധനസഹായം കിട്ടി ഒറ്റമുറിയും അടുക്കളയും ചായിപ്പും പണിയുന്നവൻ കൊടുക്കുന്ന വില തന്നെയാണിപ്പോൾ ഒരു കോടി രൂപ ചെലവഴിച്ച് കെട്ടിടം പണിയുന്നവനും നല്കുന്നത്. അമൂല്യമായ പ്രകൃതി വിഭവങ്ങളുടെ വിനിയോഗത്തിന്റെ നിയന്ത്രണങ്ങളും മുൻഗണനാക്രമങ്ങളും ജനാധിപത്യ മര്യാദകളും നിശ്ചയിക്കാനുള്ള നേറും നെറിയും ഭാവനയും നമ്മുടെ ഭരണകൂടങ്ങൾ ഇന്നോളം കാണിച്ചിട്ടില്ല.

വെളുത്തതോ കറുത്തതോ ആയ കറൻസിയുണ്ടെങ്കിൽ രാജസ്ഥാനിലെ മാർബിളും ആന്ധ്രയിലെ കടപ്പ കല്ലുകളും കടത്തികൊണ്ടുവന്നും കരിങ്കല്ലുടച്ചും ചെങ്കൽ വെട്ടിയും ചുട്ടും മരംമുറിച്ചും പുഴമാന്തിയും ഒടുങ്ങാത്ത ആർത്തിയുടെ സ്മാരകം പണിയുവാൻ നിരുപാധിക ലൈസൻസ് കൊടുക്കുകയാണിപ്പോൾ ഭരണകൂടങ്ങൾ. ഭരിക്കുന്നവർ സ്വയം ഈ ആർത്തിപ്പണ്ടാരങ്ങൾക്കു മാതൃകയായി വളരുകയും ചെയ്യുന്നു.

മണ്ണു കുഴച്ചുവെച്ച ചുമരും മുളയും വൈക്കോലും ഓലയും കൊണ്ടുതീർന്ന മേൽക്കൂരയുമായിട്ടുള്ള വീടുകളിൽ അനേക തലമുറകൾ ആരോഗ്യത്തോടെ കഴിഞ്ഞ ഒരു നാടാണിത്. അതിന്റെ ഓർമ്മകൾ തീർത്തും മാഞ്ഞുപോയിട്ടുമില്ല.

കവിതയെഴുതുകയും വിലപിക്കുകയും ആക്രോശിക്കുകയും ബദലന്വേഷിക്കുകയും ചെയ്യുന്നവരെക്കൊണ്ട് മാത്രം നാട് രക്ഷപ്പെടില്ലെന്ന് വ്യക്തമായിക്കഴിഞ്ഞ ഇക്കാലത്ത് സങ്കടവും ജീവിതവും രണ്ടല്ല എന്നു തിരിച്ചറിയാത്തവരാണിനി മുന്നോട്ടുവരേണ്ടത്.

"നോക്കൂ കാടുവെട്ടാതെ, വയലുതൂർക്കാതെ, പുഴ നശിപ്പിക്കാതെ ഇങ്ങനെയും വീടുപണിയാം. ഇത്രയൊക്കെയേ വേണ്ടൂ. ഈ വീട്ടിൽ ജീവിതസുഖമുണ്ട്. സംശയമുണ്ടെങ്കിൽ നിങ്ങൾക്കും പരീക്ഷിക്കാം" എന്ന് മലയാളിയെ സ്വജീവിതം കൊണ്ട് ബോധ്യപ്പെടുത്തുന്ന ജീവിതനായകരെയാണ് ഈ നാടിന് ഇനി ആവശ്യം. അവരിലൊരാളാകാൻ കഴിയുമോ നമുക്കോരോരുത്തർക്കും എന്നാണ് അന്വേഷിക്കേണ്ടത്.

**വാൽക്കഷ്ണം:**

**"ഖിയാമം നാൾ (അന്ത്യദിനം) അടുക്കുന്നതിന്റെ ലക്ഷണങ്ങളിലൊന്നാണ് കെട്ടിടം കെട്ടിപ്പൊക്കാനുള്ള മത്സരം.**

*വി. ഖുറാൻ*